**മധുരമായ കുട്ടികളേ നിങ്ങൾ ഒരു ബാബയിൽ നിന്നുതന്നെ കേൾക്കണം മാത്രമല്ല കേട്ടതിനുശേഷം അത് മറ്റുള്ളവരെ കേൾപ്പിക്കുകയും വേണം.**

ചോദ്യം: ബാബ നിങ്ങൾ കുട്ടികൾക്ക് മറ്റുള്ളവരെ കേൾപ്പിക്കുന്നതിന് വേണ്ടി ഏതൊരു അറിവാണ് നൽകിയിരിക്കുന്നത്?
ഉത്തരം : നിങ്ങൾ ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ് എന്ന അറിവാണ് ബാബ നിങ്ങൾക്ക് നൽകിയിട്ടുള്ളത്. നിങ്ങൾക്ക് ഒരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ഈ കാര്യം നിങ്ങൾ എല്ലാവരേയും കേൾപ്പിക്കൂ എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് മുഴുവൻ വിശ്വത്തിലുമുള്ള സഹോദരങ്ങളുടെ മംഗളം ചെയ്യണം. നിങ്ങൾ തന്നെയാണ് ഈ സേവനത്തിന് നിമിത്തമായിരിക്കുന്നത്.

ഓംശാന്തി. ഓം ശാന്തി എന്ന് സാധാരണയായി പറയുന്നത് എന്തിനാണ്? ഇതാണ് പരിചയം നൽകൽ ആത്മാവിന്റെ പരിചയം ആത്മാവുതന്നെയാണ് നൽകുന്നത്. ശരീരത്തിലൂടെ സംസാരിക്കുന്നതും ആത്മാവു തന്നെയാണ്. ആത്മാവില്ലാതെ ശരീരത്തിന് ഒന്നും ചെയ്യാൻ സാധിക്കില്ല. അതിനാൽ ഇവിടെ ആത്മാവ് തന്റെ പരിചയം നൽകുകയാണ്. നമ്മൾ ആത്മാക്കൾ പരമപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ്. ഞാൻ ആത്മാവുതന്നെയാണ് പരമാത്മാവ് എന്നാണ് അവർ പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നു. അച്ഛൻ മക്കളേ മക്കളേ എന്നല്ലേ വിളിക്കുക. ആത്മീയ പിതാവ് പറയുന്നു അല്ലയോ ആത്മീയ കുട്ടികളേ, ഈ കർമ്മേന്ദ്രിയങ്ങളിലൂടെയാണ് നിങ്ങൾ മനസ്സിലാക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ആദ്യമാദ്യം ജ്ഞാനമാണ് പിന്നീടാണ് ഭക്തി. അല്ലാതെ ആദ്യം ഭക്തി പിന്നെ ജ്ഞാനം എന്നല്ല. ആദ്യം ജ്ഞാനത്തിന്റെ പകലാണ്, ഭക്തി രാത്രിയാണ്. പിന്നീട് വീണ്ടും പകൽ എപ്പോൾ വരും? ഭക്തിയോട് വൈരാഗ്യമുണ്ടാകുമ്പോൾ. നിങ്ങളുടെ ബുദ്ധിയിൽ ഇത് ഉണ്ടായിരിക്കണം. ജ്ഞാനവും വിജ്ഞാനവും ഉണ്ടല്ലോ. ഇപ്പോൾ നിങ്ങൾ ജ്ഞാനത്തിന്റെ പഠിപ്പ് പഠിക്കുകയാണ്. പിന്നീട് സത്യ ത്രേതായുഗങ്ങളിൽ ജ്ഞാനത്തിന്റെ പ്രാലബ്ധം ലഭിക്കുന്നു. ജ്ഞാനം ബാബ ഇപ്പോൾ നൽകുന്നു ഇതിന്റെ പ്രാലബ്ധം പിന്നീട് സത്യയുഗത്തിൽ ലഭിക്കും. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. ഇപ്പോൾ ബാബ നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്. നിങ്ങൾക്ക് അറിയാം പിന്നീട് നമ്മൾ ജ്ഞാനത്തിന് ഉപരിയായി വിജ്ഞാനമാകുന്ന നമ്മുടെ ശാന്തിധാമത്തിലേയ്ക്ക് പോകും. അതിനെ ജ്ഞാനമെന്നോ, ഭക്തിയെന്നോ പറയില്ല. അതിനെ വിജ്ഞാനം എന്നാണ് പറയുക. ജ്ഞാനത്തിന് ഉപരിയായി ശാന്തിധാമത്തിലേയ്ക്ക് പോകും. ഈ മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ ഉണ്ടാകണം. ബാബ ജ്ഞാനം നൽകുന്നു എവിടേയ്ക്കുവേണ്ടി? ഭാവിയിലെ പുതിയ ലോകത്തിനായാണ് നൽകുന്നത്. പുതിയ ലോകത്തിൽ പോവുകയാണെങ്കിൽ ആദ്യം തീർച്ചയായും തന്റെ വീട്ടിലേയ്ക്ക് പോകും. മുക്തിധാമത്തിലേയ്ക്ക് പോകണം. ആത്മാക്കൾ അവിടെ വസിക്കുന്നവരാണ് അതിനാൽ തീർച്ചയായും അവിടേയ്ക്ക് പോകുമല്ലോ. ഈ പുതിയ പുതിയ കാര്യങ്ങൾ നിങ്ങൾ മാത്രമാണ് കേൾക്കുന്നത് മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ ആത്മീയ പിതാവിന്റെ ആത്മീയ സന്താനങ്ങളാണ്. ആത്മീയ കുട്ടികൾക്ക് തീർച്ചയായും ആത്മീയ പിതാവ് വേണം. ആത്മീയ പിതാവും ആത്മീയ കുട്ടികളും. ആത്മീയ കുട്ടികൾക്ക് ഒരേയൊരു ആത്മീയ പിതാവേയുള്ളു. അവർ വന്ന് ജ്ഞാനം നൽകുന്നു. ബാബ എങ്ങനെയാണ് വരുന്നത് എന്നതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബാബ പറയുന്നു എനിക്കും പ്രകൃതിയെ ധാരണ ചെയ്യേണ്ടതായി വരുന്നു. ഇപ്പോൾ നിങ്ങൾക്ക് ബാബയിൽ നിന്നും കേൾക്കുക തന്നെ വേണം. ബാബയിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും കേൾക്കേണ്ടതില്ല. കുട്ടികൾ കേട്ട് പിന്നീട് മറ്റ് സഹോദരന്മാരെ കേൾപ്പിക്കുന്നു. തീർച്ചയായും എന്തെങ്കിലുമൊക്കെ കേൾപ്പിക്കും. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു, ബാബയെ ഓർമ്മിക്കു എന്തുകൊണ്ടെന്നാൽ ബാബ തന്നെയാണ് പതിതപാവനൻ. ബുദ്ധി അവിടേയ്ക്ക് പോകും. കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുമ്പോൾ അവർ മനസ്സിലാക്കും എന്തുകൊണ്ടെന്നാൽ മുമ്പ് അറിവില്ലാത്തവരായിരുന്നു. ഭക്തിമാർഗ്ഗത്തിൽ അവിവേകത്താൽ രാവണന്റെ പിടിയിൽ പെട്ട് എന്താണ് ചെയ്തത്! എത്ര മോശമായി മാറുന്നു! മദ്യം കഴിക്കുന്നതിലൂടെ എന്താവുന്നു? മദ്യം ദുർഗന്ധം പരത്തുകയും ചെയ്യും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഇപ്പോൾ നമുക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് എടുക്കണം. കല്പ കല്പം എടുത്തു വന്നതാണ് അതിനാൽ ദൈവീക ഗുണങ്ങളും തീർച്ചയായും ധാരണ ചെയ്യണം. കൃഷ്ണന്റെ ദൈവീക ഗുണങ്ങൾക്ക് എത്ര മഹിമയാണ്. വൈകുണ്ഠത്തിന്റെ അധികാരി എത്ര മധുരമാണ്. ഇപ്പോൾ കൃഷ്ണന്റെ പരമ്പര എന്നു പറയില്ല. വിഷ്ണുവിന്റെ അല്ലെങ്കിൽ ലക്ഷ്മീ നാരായണന്റെ പരമ്പര എന്നേ പറയുകയുള്ളു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ തന്നെയാണ് സത്യയുഗീ രാജധാനിയിലെ പരമ്പരയുടെ സ്ഥാപന ചെയ്യുന്നത്. ഈ ചിത്രങ്ങൾ മുതലായവ ഇല്ലെങ്കിലും ശരി മനസ്സിലാ

ക്കിക്കൊടുക്കാൻ സാധിക്കും. അനവധി ക്ഷേത്രങ്ങൾ നിർമ്മിക്കുന്നുണ്ട്, ആരിലാണോ ജ്ഞാനമുള്ളത് അവർ മറ്റുള്ളവരുടെ മംഗളം ചെയ്യുന്നതിന്, തനിക്കു സമാനമാക്കി മാറ്റുന്നതിനായി ഓടിക്കൊണ്ടിരിക്കും . ഞാൻ എത്രപേർക്ക് ജ്ഞാനം കേൾപ്പിച്ചു എന്ന് സ്വയം നോക്കണം! ചിലർക്ക് പെട്ടെന്ന് ജ്ഞാനത്തിന്റെ അമ്പ് ഏൽക്കും. ഭീഷ്മ പിതാമഹൻ മുതലായവരും പറഞ്ഞിട്ടുണ്ടല്ലോ കുമാരിമാർ എന്റെ മേൽ ജ്ഞാന ബാണമെയ്തുവെന്ന്. ഇവരെല്ലാം പവിത്രമായ കുമാരീ കുമാരന്മാരാണ് അർത്ഥം കുട്ടികളാണ്. നിങ്ങൾ എല്ലാവരും കുട്ടികളാണ് അതിനാലാണ് പറയുന്നത് ബ്രഹ്മാവിന്റെ കുട്ടികൾ കുമാരീ കുമാരന്മാരെല്ലാം സ ഹോദരീ സഹോദരങ്ങളാണ്. ഇത് പവിത്രമായ ബന്ധമാണ്. അതും ദത്തെടുക്കപ്പെട്ട കുട്ടികളാണ്. ബാബ ദത്തെടുത്തിരിക്കുകയാണ്. ശിവബാബ പ്രജാപിതാ ബ്രഹ്മാവിലൂടെ ദത്തെടുത്തിരിക്കുകയാണ്. വാസ്ത വത്തിൽ ദത്തെടുത്തവരാണ് എന്നു പോലും പറയില്ല. ശിവബാബയുടെ കുട്ടികൾ തന്നെയാണല്ലോ. ശി വബാബാ, ശിവബാബാ വരൂ എന്നുപറഞ്ഞ് എല്ലാവരും എന്നെ വിളിക്കുന്നു. പക്ഷേ ഒന്നും മനസ്സിലാക്കു ന്നില്ല. സർവ്വ ആത്മാക്കളും ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. എങ്കിൽ തീർച്ചയായും ശി വബാബയും ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുമല്ലോ. ശിവബാബ പാർട്ട് അഭിനയിക്കുന്നില്ലെങ്കിൽ പിന്നെ ഒരു ഉപകാരവും ഇല്ലാത്തതാവും. മൂല്യമേ ഉണ്ടാകില്ല. മുഴുവൻ ലോകത്തേയും സദ്ഗതിയിലേയ്ക്ക് എ ത്തിക്കുമ്പോഴാണ് ബാബയ്ക്ക് മൂല്യമുണ്ടാകുന്നത് അതിനാലാണ് ഭക്തിമാർഗ്ഗത്തിൽ ബാബയുടെ മഹിമ പാടുന്നത്. സദ്ഗതി നേടിക്കഴിഞ്ഞാൽ പിന്നെ ബാബയെ ഓർമ്മിക്കേണ്ട ആവശ്യമില്ല. അവർ ഗോഡ് ഫാ ദർ എന്നു മാത്രം പറയുമ്പോൾ പിന്നീട് ടീച്ചർ എന്നത് മുങ്ങിപ്പോകുന്നു. പരമപിതാ പരമാത്മാവ് പാവന മാക്കി മാറ്റുന്നവരാണ് എന്നത് പറയുന്നതിൽ മാത്രം ഒതുങ്ങിപ്പോകുന്നു. അവർ സദ്ഗതി ചെയ്യുന്നയാൾ എന്നും പറയുന്നില്ല. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാളാണ് എന്നത് പാട്ടിലെല്ലാം പാടുന്നുണ്ട്. പക്ഷേ അർത്ഥമില്ലാതെ പറയുന്നതാണ്. ഇപ്പോൾ നിങ്ങൾ എന്തെല്ലാം പറയുന്നുവോ അതെല്ലാം അർത്ഥ സഹിതമാണ്. ഭക്തിയാകുന്ന രാത്രി വേറെയാണ്, പകലാകുന്ന ജ്ഞാനം വേറെയാണ് എന്നത് അറിയാം. പകലിനും സമയം ഉണ്ട്. ഭക്തിയ്ക്കും സമയം ഉണ്ട്. ഇത് പരിധിയില്ലാത്ത കാര്യമാണ്. നിങ്ങൾ കുട്ടികൾ ക്ക് പരിധിയില്ലാത്ത ജ്ഞാനം ലഭിച്ചിട്ടുണ്ട്. അരകല്പം പകലാണ്, അരകല്പം രാത്രിയും. ബാബ പറയുന്നു ഞാനും വരുന്നത് രാത്രിയെ പകലാക്കാനാണ്.

നിങ്ങൾക്ക് അറിയാം അരകല്പം രാവണ രാജ്യമാണ്, അതിൽ അനേക പ്രകാരത്തിലുള്ള ദു?ഖങ്ങളാണ് പിന്നീട് ബാബ പുതിയ ലോകം സ്ഥാപിക്കുന്നു അതിൽ സുഖം തന്നെ സുഖമായിരിക്കും ലഭിക്കുക. ഇ ത് സുഖത്തിന്റെയും ദു?ഖത്തിന്റെയും കളിയാണ് എന്ന് പറയാറുമുണ്ട്. സുഖം അർത്ഥം രാമൻ, ദു?ഖം അർത്ഥം രാവണൻ. രാവണനുമേൽ വിജയം നേടിയാൽ പിന്നെ രാമരാജ്യം വരുന്നു, പിന്നീട് അരകല്പ ത്തിനുശേഷം രാവണൻ രാമരാജ്യത്തിനുമേൽ വിജയം നേടി രാജ്യം ഭരിക്കുന്നു. നിങ്ങൾ ഇപ്പോൾ മായ യുടെ മേൽ വിജയം നേടുകയാണ്. ഓരോ വാക്കുകളും നിങ്ങൾ അർത്ഥ സഹിതമാണ് പറയുന്നത്. നിങ്ങ ളുടേത് ഈശ്വരീയ ഭാഷയാണ്. എന്തുകൊണ്ടെന്നാൽ ഈശ്വരീയ പിതാവ് ജ്ഞാനസാഗരനാണ്. ഭഗവാ ൻ ജ്ഞാനത്തിന്റെ സാഗരനും നോളേജ്ഫുള്ളുമാണ് എന്ന് പാടുന്നുവെങ്കിൽ തീർച്ചയായും അവർ ആ ർക്കെങ്കിലും ജ്ഞാനം നൽകുമല്ലോ. ബാബ എങ്ങനെയാണ് ജ്ഞാനം നൽകുന്നത് എന്നത് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി. തന്റെ പരിചയവും നൽകുന്നു സൃഷ്ടി ചക്രത്തിന്റെ ജ്ഞാനവും നൽകുന്നു. ഈ ജ്ഞാനം നേടുന്നതിലൂടെയാണ് നമ്മൾ ചക്രവർത്തി രാജാവായി മാറുന്നത്. സ്വദർശന ചക്രത്തിന്റെയല്ലേ. ഓർമ്മി ക്കുന്നതിലൂടെ നമ്മുടെ പാപം ഇല്ലാതാകുന്നു. ഇതാണ് നിങ്ങളുടെ ഓർമ്മയുടെ അഹിംസക ചക്രം. ആ ചക്രം ഹിംസ ചെയ്യുന്നതിനുള്ളതാണ്, തല കൊയ്യുന്നതിനുള്ളത്. അജ്ഞാനികളായ മനുഷ്യർ പരസ്പരം തല അറുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ ഈ സ്വദർശന ചക്രത്തെ അറിയുന്നതിലൂടെ ചക്രവർത്തീ പദ വി നേടുന്നു. കാമം മഹാശത്രുവാണ്, ഇതിലൂടെ ആദി മദ്ധ്യ അന്ത്യം ദു?ഖം ലഭിക്കുന്നു. അത് ദു?ഖത്തി ന്റെ ചക്രമാണ്. നിങ്ങൾക്ക് ബാബ ഈ ചക്രത്തിന്റെ ജ്ഞാനം നൽകുന്നു. സ്വദർശന ചക്രധാരിയാക്കി മാ റ്റുന്നു. ശാസ്ത്രങ്ങളിലാണെങ്കിൽ എന്തെല്ലാം കഥകളാണ് എഴുതിവെച്ചിരിക്കുന്നത്. നിങ്ങൾക്ക് ഇപ്പോൾ അതെല്ലാം മറക്കേണ്ടതായി വരും. ഒരേയൊരു ബാബയെ മാത്രം ഓർമ്മിക്കണം എന്തുകൊണ്ടെന്നാൽ ബാബയിൽ നിന്നാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കുന്നത്. ബാബയെ ഓർമ്മിക്കണം എന്നിട്ട് സമ്പത്ത് എടുക്കണം. എത്ര സഹജമാണ്. പരിധിയില്ലാത്ത ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണെങ്കി ൽ സമ്പത്ത് എടുക്കാൻ തന്നെയാണ് ഓർമ്മിക്കുന്നത്. ഇതാണ് മന്മനാഭവ, മദ്ധ്യാജീ ഭവ. ബാബയേയും സമ്പത്തിനേയും ഓർമ്മിച്ച്, കുട്ടികൾ സന്തോഷത്തിന്റെ അതിര് കടക്കണം. നമ്മൾ പരിധിയില്ലാത്ത ബാ ബയുടെ കുട്ടികളാണ്. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്, നമ്മൾ അധികാരികളാണ് വീ ണ്ടും ആവുകതന്നെ ചെയ്യും. പിന്നീട് നിങ്ങൾ തന്നെയാണ് നരകവാസിയായി മാറിയത്. സതോപ്രധാനമാ യിരുന്നു, ഇപ്പോൾ തമോപ്രധാനമായിരിക്കുന്നു. ഭക്തിമാർഗ്ഗത്തിലും നമ്മൾ തന്നെയാണ് വന്നത്. ചക്രം പൂർണ്ണമായും കറങ്ങി വന്നതാണ്. നമ്മൾ ഭാരതവാസികൾ തന്നെയാണ് സൂര്യവംശി, ചന്ദ്രവംശി, വൈശ്യ

വംശി....... ആയിമാറി താഴേയ്ക്ക് വീണത്. നമ്മൾ ഭാരതവാസികൾ ദേവീദേവതകളായിരുന്നു പിന്നീട് നമ്മൾ തന്നെയാണ് വീണത്. നിങ്ങൾക്ക് ഇപ്പോൾ എല്ലാം അറിയാൻ കഴിയുന്നു. വാമമാർഗ്ഗത്തിലേയ്ക്ക് പോകുമ്പോൾ എത്ര മോശമായി മാറുന്നു. ക്ഷേത്രങ്ങളിലും ഇങ്ങനെയുള്ള മോശമായ ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മുമ്പ് ഘടികാരങ്ങളും ഇങ്ങനെയുള്ള ചിത്രങ്ങളുള്ളത് നിർമ്മിച്ചിരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ എത്ര നല്ല പുഷ്പങ്ങളായിരുന്നു പിന്നീട് നമ്മൾ തന്നെ പുനർജന്മങ്ങൾ എടുത്ത് എടുത്ത് എത്ര മോശമായി മാറി. ഇവർ സത്യയുഗത്തിലെ അധികാരികളായിരുന്നപ്പോൾ ദൈവീക ഗുണങ്ങളുള്ള മനുഷ്യരായിരുന്നു. ഇപ്പോൾ ആസുരീയ അവഗുണങ്ങളുള്ളവരായി മാറി അല്ലാതെ മറ്റൊരു വ്യത്യാസവുമില്ല. വാലുള്ള അല്ലെങ്കിൽ തുമ്പികൈയ്യുള്ള മനുഷ്യരൊന്നും ഉണ്ടാകില്ല. ദേവതകളുടെ അടയാളങ്ങൾ മാത്രമേയുള്ളൂ. ബാക്കി സ്വർഗ്ഗം പ്രായലോപമായിപ്പോയി ഈ ചിത്രങ്ങൾ മാത്രമാണ് അടയാളങ്ങൾ. ചന്ദ്രവംശികളുടെ അടയാളങ്ങളും ഉണ്ട്. ഇപ്പോൾ നിങ്ങൾ മായയുടെ മേൽ വിജയം നേടുന്നതിനായി യുദ്ധം ചെയ്യുകയാണ്. യുദ്ധം ചെയ്ത് ചെയ്ത് തോറ്റുപോയാൽ അതിന്റെ അടയാളമാണ് അമ്പും വില്ലും . ഭാരതവാസികൾ വാസ്തവത്തിൽ ദേവീദേവതാ ധർമ്മത്തിലുള്ളവരാണ്. ഇല്ലെങ്കിൽ പിന്നെ ഏത് ധർമ്മത്തിൽ നിന്ന് അധ?പതിച്ചതാണ്. പക്ഷേ ഭാരതവാസികൾക്ക് തന്റെ വംശത്തെക്കുറിച്ച് അറിയാത്തതിനാൽ ഹിന്ദു എന്ന് പറയുന്നു. ഇല്ലെങ്കിൽ വാസ്തവത്തിൽ നിങ്ങളുടേതെല്ലാം ഒരേ വംശമാണ്. ഭാരതവാസികൾ എല്ലാവരും പരിധിയില്ലാത്ത ബാബയാൽ സ്ഥാപിതമായ ദേവതാ ധർമ്മത്തിലേതാണ്. ഭാരതത്തിന്റെ ശാസ്ത്രവും ഒന്നാണ്. ദൈവീക കുലത്തിന്റെ സ്ഥാപനയുണ്ടാകുന്നു പിന്നീട് അതിന് അനേകം ശാഖകൾ ഉണ്ടാകുന്നു. ബാബ സ്ഥാപന ചെയ്യുന്നത് ദേവീദേവതാ ധർമ്മമാണ്. മുഖ്യമായത് 4 ധർമ്മങ്ങളാണ്. അടിത്തറ ദേവീദേവതാ ധർമ്മമാണ്. എല്ലാവരും മുക്തിധാമത്തിൽ വസിക്കുന്നവരാണ്. പിന്നീട് നിങ്ങൾ നിങ്ങളുടെ ദേവതകളുടെ ശാഖയിലേയ്ക്ക് പോകുന്നു. ഭാരതത്തിന്റെ അതിർത്തി ഒന്നുതന്നെയാണ് മറ്റൊരു ധർമ്മത്തിന്റേതുമല്ല. യഥാർത്ഥത്തിൽ ഇത് ദേവതാ ധർമ്മത്തിന്റേതാണ്. ഡ്രാമാപ്ലാൻ അനുസരിച്ച് പിന്നീട് അതിൽ നിന്നും മറ്റു ധർമ്മങ്ങൾ ഉണ്ടാകുന്നു. ഭാരതത്തിന്റെ യഥാർത്ഥ ധർമ്മം ദൈവികമാണ്, അതിന്റെ സ്ഥാപന ചെയ്യുന്നതും ബാബയാണ്. പിന്നീട് പുതിയ പുതിയ ഇലകൾ ഉണ്ടാകുന്നു. ഇത് പുർണ്ണമായും ഈശ്വരീയ വൃക്ഷമാണ്. ബാബ പറയുന്നു ഞാൻ ഈ വൃക്ഷത്തിന്റെ ബീജരൂപമാണ്. ഇത് അടിത്തറയാണ് പിന്നീട് ഇതിൽ നിന്നും ശാഖകൾ ഉണ്ടാകുന്നു. നാം ആത്മാക്കൾ സഹോദരങ്ങളാണ് ഇതാണ് മുഖ്യമായ കാര്യം. സർവ്വാത്മാക്കളുടേയും പിതാവ് ഒരാൾ തന്നെയാണ്, എല്ലാവരും ഓർമ്മിക്കുന്നതും ആ ആളെത്തന്നെയാണ്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾ ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം മറക്കണം. ഇതാണ് പരിധിയില്ലാത്ത വൈരാഗ്യം, അവരുടേത് പരിധിയുള്ളതാണ്. കേവലം വീടിനോട് മാത്രം വൈരാഗ്യം ഉണ്ടാകുന്നു. നിങ്ങൾക്കാണെങ്കിൽ മുഴുവൻ ലോകത്തോടും വൈരാഗ്യമാണ്. ഭക്തിയ്ക്ക് ശേഷമാണ് പഴയ ലോകത്തോടുള്ള വൈരാഗ്യം. പിന്നീട് നമ്മൾ ശാന്തിധാമം വഴി പുതിയ ലോകത്തിലേയ്ക്ക് പോകും. ബാബയും പറയുന്നു ഈ പഴയ ലോകം ഭസ്മമാകാനുള്ളതാണ്. ഈ പഴയ ലോകത്തിൽ ഇപ്പോൾ ഹൃദയം വെയ്ക്കരുത്. യോഗ്യരായി മാറുന്നതുവരെ ഇവിടെത്തന്നെ ഇരിക്കണം. കണക്ക് വഴക്കുകളെല്ലാം ഇല്ലാതാക്കണം.

നിങ്ങൾ അരകല്പത്തിലേയ്ക്കായി സുഖം സമ്പാദിക്കുന്നു. അതിന്റെ പേരുതന്നെ ശാന്തിധാമം, സുഖധാമം എന്നാണ്. ആദ്യം സുഖമുണ്ടാകുന്നു, പിന്നാലെ ദു?ഖവും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ഏതെല്ലാം പുതിയ പുതിയ ആത്മാക്കൾ മുകളിൽ നിന്നും വരുന്നുവോ, എങ്ങനെയാണോ ക്രിസ്തുവിന്റെ ആത്മാവ് വരുന്നത്, അവർക്ക് ആദ്യം ദു?ഖം ഉണ്ടാകില്ല. കളി തന്നെ ആദ്യം സുഖത്തിന്റേതും പിന്നെ ദു?ഖത്തിന്റേതുമാണ്. പുതിയ പുതിയവർ വരുന്നു അവർ സതോപ്രധാനമാണ്. എങ്ങനെ നിങ്ങളുടെ സുഖത്തിന്റെ അളവ് കൂടുതലാണോ അതുപോലെ എല്ലാവരുടേയും സുഖത്തിന്റെ അളവ് കൂടുതലാണ്. ഇതെല്ലാം ബുദ്ധികൊണ്ട് ചെയ്യേണ്ട കാര്യങ്ങളാണ്. ബാബ ആത്മാക്കളെ ഇരുത്തി മനസ്സിലാക്കിത്തരുകയാണ്. അത് പിന്നീട് മറ്റ് ആത്മാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കും. ബാബ പറയുന്നു ഞാൻ ഈ ശരീരം ധാരണ ചെയ്തിരിക്കുകയാണ്. വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ അർത്ഥം തമോപ്രധാന ശരീരത്തിൽ പ്രവേശിക്കുന്നു. പിന്നീട് അവർക്കുതന്നെയാണ് ആദ്യ നമ്പറിൽ വരേണ്ടത്. ആദ്യമുള്ളവർ തന്നെ അവസാനത്തിലും, അവസാനമുള്ളവർ തന്നെ ആദ്യത്തിലും. ഇതും മനസ്സിലാക്കിക്കൊടുക്കേണ്ടിവരുന്നു. ഒന്നാമത്തെ ആളുടെ പിറകിൽ ആരാണ്? മമ്മ. അവരുടെ പാർട്ടായിരിക്കണം. മമ്മ വളരെ അധികം പേർക്ക് പഠിപ്പ് നൽകിയിട്ടുണ്ട്. പിന്നീട് നിങ്ങൾ കുട്ടികൾ നമ്പർ അനുസരിച്ചാണ് ആര് കൂടുതൽ പേർക്ക് ശിക്ഷണം നൽകുന്നുവോ പഠിപ്പിക്കുന്നുവോ അതിന് അനുസരിച്ച്. പിന്നെ ആരാണോ പഠിക്കുന്നവർ അവരും പരിശ്രമിക്കും നിങ്ങളേക്കാളും ഉയരത്തിലെത്തുന്നു. വളരെ അധികം സെൻററുകളിൽ ഇങ്ങനെയുണ്ട് അവർ പഠിപ്പിക്കുന്ന ആളെയും വെച്ച് ഉയരത്തിലെത്തും. ഓരോരുത്തരേയും കാണാൻ കഴിയും. എല്ലാവരുടേയും പെരുമാറ്റത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. ചിലരെയാണെങ്കിൽ മായ ഇങ്ങനെ

മൂക്കിൽ പിടിച്ചിരിക്കുകയാണ് ഒറ്റയടിയ്ക്ക് അവസാനിക്കുന്നു. വികാരത്തിൽ വീണുപോകുന്നു. മുന്നോട്ട് പോകവേ നിങ്ങൾക്ക് വളരെ അധികം പേരെക്കുറിച്ച് കേൾക്കാൻ കഴിയും. അത്ഭുതപ്പെടും, ഇവർ ഞങ്ങ ൾക്ക് ജ്ഞാനം നൽകിയിരുന്നു എന്നിട്ട് ഇവർക്ക് എങ്ങനെ പോകാൻ സാധിക്കും. ഞങ്ങളോട് പവിത്രമാ യി മാറൂ എന്ന് പറഞ്ഞിരുന്നു എന്നിട്ട് സ്വയം മോശമായി മാറി. തീർച്ചയായും മനസ്സിലാക്കുമല്ലോ. വളരെ മോശമായി മാറുന്നു. ബാബ പറഞ്ഞിട്ടുണ്ട് വലിയ വലിയ മഹാരഥികളെപ്പോലും മായ ശക്തിയോടെ കീഴ്പ്പെടുത്തും. നിങ്ങൾ എങ്ങനെ മായയെ കീഴ്പ്പെടുത്തി വിജയിക്കുന്നുവോ അതുപോലെ മായയും കീഴ്പ്പെടുത്തും. ബാബ എത്ര നല്ല നല്ല ഫസ്റ്റ് ക്ലാസായ രമണീയമായ പേരുകളാണ് വെച്ചത്. പക്ഷേ അഹോ മായ, ആശ്ചര്യത്തോടെ കേട്ടു, പറഞ്ഞു, പിന്നീട് ഓടിപ്പോയി........ താഴെവീണുപോയി. മായ എ ത്ര ശക്തിശാലിയാണ് അതിനാൽ കുട്ടികൾ വളരെ ശ്രദ്ധയോടെ ഇരിക്കണം. യുദ്ധത്തിന്റെ മൈതാനമല്ലേ. മായയുമായി നിങ്ങളുടെ എത്ര വലിയ യുദ്ധമാണ് നടക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം :

1) ഇവിടെവെച്ചുതന്നെ മുഴുവൻ കണക്കു വഴക്കുകളും സമാപ്തമാക്കി അരകല്പത്തിലേയ്ക്കുള്ള സു ഖം സമ്പാദിക്കണം. ഈ പഴയ ലോകത്തിൽ ഇപ്പോൾ ഹൃദയം വെയ്ക്കരുത്. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതിനെയെല്ലാം മറക്കണം.

2) മായ വളരെ ശക്തിശാലിയാണ്, അതിൽ നിന്നും വളരെ ശ്രദ്ധയോടെയിരിക്കണം. പഠിപ്പിൽ മത്സരിച്ച് മുന്നോട്ട് പോകണം. ഒരേയൊരു ബാബയിൽ നിന്നുതന്നെ കേൾക്കണം, ബാബയിൽ നിന്ന് കേട്ടത് തന്നെ മറ്റുള്ളവർക്ക് കേൾപ്പിച്ച് കൊടുക്കണം.

### വരദാനം : പരിധിയില്ലാത്ത ദൃഷ്ടി, മനോവൃത്തി, സ്ഥിതിയിലൂടെ സർവർക്കും പ്രിയപ്പെട്ട വരാകുന്ന ഡബിൾ ലൈറ്റ് മാലാഖയായി ഭവിക്കട്ടെ.

മാലാഖമാരെ എല്ലാവർക്കും വളരെ പ്രിയപ്പെട്ടവരായി തോന്നുന്നു. എന്തെന്നാൽ മാലാഖമാർ സർവ രുടെയും ആകുന്നു. ഒന്നോ രണ്ടോ പേരുടെയല്ല. പരിധിയില്ലാത്ത ദൃഷ്ടി, മനോവൃത്തി, പരിധിയില്ലാത്ത സ്ഥിതിയുള്ള മാലാഖ സർവാത്മാക്കളെയും പ്രതി പരമാത്മാ സന്ദേശ വാഹകരാണ്. അതായത് ഡബിൾ ലൈറ്റ്, സർവരുടെയും ബന്ധം ഒരു ബാബയോട് യോജിപ്പിക്കുന്നയാൾ. ദേഹത്തിൽ നിന്നും, ദേഹത്തി ന്റെ സംബന്ധത്തിൽ നിന്നും വേറിട്ടയാൾ, സ്വയത്തെയും സർവരെയും തന്റെ ചലനത്തിലൂടെയും മുഖ ത്തിലൂടെയും ബാബയ്ക്ക് സമാനമാക്കുന്നയാൾ,സർവരെയും പ്രതി മംഗളകാരി. ഇങ്ങനെയുള്ള മാലാഖ യാണ് എല്ലാവർക്കും പ്രിയപ്പെട്ടവർ.

### സ്ലോഗൻ – എപ്പോഴാണോ താങ്കളുടെ രൂപത്തിലൂടെ ബാബയുടെ സ്വഭാവം കാണപ്പെടുക അപ്പോൾ സമാപ്തി ഉണ്ടാകും.